**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5642** — **27.10.2011 ലെ മറുപടിക്ക്**

**ആദായനികുതി വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്ന നിക്ഷേപകരെ സംബന്ധിച്ച വിവരങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) പ്രാഥമിക സഹകരണ ബാങ്കുകളിലെ നിക്ഷേപരുടെ നിജസ്ഥിതി അറിയിക്കാൻ ആദായനികുതി വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; | എ) സംസ്ഥാനത്തെ ചില പ്രാഥമിക സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ നിജസ്ഥിതി അറിയിക്കുവാൻ ആദായ നികുതി വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഓരോ നിക്ഷേപകന്റെയും 2009 മാർച്ച് 31 ലെ എല്ലാ ബാങ്ക് അക്കൗണ്ടുകളും ഹാജരാക്കാൻ ആദായ നികുതി വകുപ്പ് പ്രാഥമിക സഹകരണ ബാങ്കുകളോട് നിർദ്ദേശിച്ചിട്ടുണ്ടോ ; | ബി) പ്രസ്തുത സംഘങ്ങളോട് സംഘത്തിൽ 31.03.2009 ൽ നിലവിലുള്ള ഓരോ നിക്ഷേപ പദ്ധതികളിലുമുള്ള നിക്ഷേപകരുടെ പേര്, പോസ്റ്റൽ അഡ്രസ് ഉൾപ്പെടെയുള്ള വിവരങ്ങൾ ഹാജരാക്കാൻ ആദായനികുതി വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) അതു സംബന്ധമായി 20 ചോദ്യങ്ങൾ ഉൾപ്പെടുന്ന ഒരു കത്ത് ആദായ നികുതി വകുപ്പ് ബാങ്കുകൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | സി) പ്രസ്തുത സംഘങ്ങളുടെ രജിസ്ട്രേഷൻ മുതൽ നിലവിലുള്ള ധനസ്ഥിതിയുടെ വിവരങ്ങൾ ഉൾപ്പെടെ 20 ചോദ്യങ്ങൾ ഉൾപ്പെടുന്ന കത്ത് ആദായ നികുതി വകുപ്പ് സംഘങ്ങൾ/ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. അവ ചുവടെ പരാമർശിക്കുന്നു. |

(1) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പകർപ്പ്
(2) നിയമാവലി പകർപ്പ്
(3) 2008-09 വർഷത്തെ ലാഭനഷ്ടക്കണക്ക്, ബാക്കി പത്രം
(4) ആഡിറ്റ് റിപ്പോർട്ട് പകർപ്പ് സി.ഡി യിലാക്കിയത്
(5) 2008-09 വർഷത്തെ കണക്കുകൾക്ക് ഉപോൽ ബലകമായ രജിസ്റ്ററുകൾ
(6) അംഗങ്ങളുടെ പേര്, പോസ്റ്റൽ അഡ്രസ്, ഓഹരി വിവരം
(7) സൺട്രി ക്രെഡിറ്റേഴ്സിന് 31.03.2009 ന് നൽകാനുള്ള തുക, ഇടപാടുകാരുടെ പേരു വിവരം, വിലാസം
(8) ബാങ്കിന്റെ ബാക്കി പത്രത്തിലെ ബാധ്യതയിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിക്ഷേപത്തിന്റെ നിക്ഷേപകരുടെ പേര്, പോസ്റ്റൽ അഡ്രസ്, നിക്ഷേപ തുക, തീയതി
(9) സേവിംഗ്സ് ബാങ്ക് നിക്ഷേപകരുടെ പേര്, വിലാസം 31.03.2009-ലെ നീക്കിയിരിപ്പ്

(10) മറ്റിനം നിക്ഷേപകരുടെ പേര്, വിലാസം, 31.03.2009 ലെ നീക്കിയിരിപ്പ്
(11) വായ്പാ വിതരണത്തിൽ ലഭിച്ച പലിശ വരവ്
(12) കരുതലുകൾ, മിച്ചധനം
(13) മറ്റ് സ്ഥാപനങ്ങളിലുള്ള ബാങ്കിന്റെ നിക്ഷേപം ലഭിച്ച പലിശ
(14) വായ്പകളുടെ ഇനം തിരിച്ചുള്ള വിവരം
(15) നിക്ഷേപങ്ങൾക്ക് നൽകിയ പലിശ
(16) കമ്മീഷൻ, വാടക, മറ്റിന ചെലവ്
(17) മറ്റിനം വരവ് (2008-09)
(18) ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്, മറ്റ് ഫണ്ടുകൾ
(19) റ്റി.ഡി.എസ്. ബാധകമാക്കിയ അക്കൗണ്ടുകളുടെ ലഡ്ജർ പകർപ്പ്, റിട്ടേൺ ഫയൽ ചെയ്ത വിവരം
(20) വ്യാപാര കണക്കുമായി ബന്ധപ്പെട്ട ലാഭ നഷ്ടകണക്ക്

| | | | |
|---|---|---|---|
| ഡി) | ആദായ നികുതി വകുപ്പിന് ഇത്തരം വിശദാംശങ്ങൾ നൽകുന്നത് നിക്ഷേപകരുടെ പിൻമാറ്റത്തിന് കാരണമാകുമെന്ന് കരുതുന്നുണ്ടോ; | ഡി) | ആദായനികുതി വകുപ്പിന് ഇത്തരം വിശദാംശങ്ങൾ നൽകുന്നത് നിക്ഷേപകരുടെ പിൻമാറ്റത്തിന് കാരണമാകുന്നുവെന്ന് ആക്ഷേപവും പരാതിയുമുണ്ട്. |
| ഇ) | ഇത് സഹകരണ ബാങ്കിംഗ് മേഖലയെ തളർത്തുന്നതിന് കാരണമാകുമോ; ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും? | ഇ) | ആദായ നികുതി വകുപ്പിന്റെ നടപടി സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളെ കടുത്ത ആശങ്കയിലാക്കുന്നതായും സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപ സാധ്യതയെ തകർക്കുകയും സഹകരണ ബാങ്കിംഗ് മേഖലക്ക് ദോഷകരമാകുകയും ചെയ്യുമെന്ന ആക്ഷേപത്തിനിടയായിട്ടുണ്ട്. ഇക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അടിയന്തിര നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**